ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സുവർണ്ണ ചതുഷ്കോണത്തിൽ സംസ്ഥാനത്തെയും ഉൾപ്പെടുത്താനായി പ്രസ്തുത പാത ചെന്നൈയിൽ നിന്ന് കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം, മർഗോവ വഴി ബോംബെയ്ക്ക് പോകണമെന്ന ആവശ്യം ഉന്നയിച്ച് 6-12-1999-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേരളത്തിലെയും സമീപ സംസ്ഥാനങ്ങളിൽ നിന്നുള്ള എം.പി.മാരും ചേർന്ന് പ്രധാനമന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൻമേൽ കേന്ദ്രസർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടില്ല.

വർക്കല റെയിൽവേ അണ്ടർ ബ്രിഡ്ജ് അപ്രോച്ചു റോഡിന്റെ ജോലി

73 (1323) ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പണി പൂർത്തിയാക്കി വരുന്ന വർക്കല റെയിൽവേ അണ്ടർ ബ്രിഡ്ജിനോട് ചേർന്നുള്ള അപ്രോച്ച് റോഡിന്റെ ജോലി എന്ന് ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ ;

(ബി) അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കാത്ത പക്ഷം വർക്കല വഴിയുള്ള റോഡു ഗതാഗതം പൂർണ്ണമായി നിലയ്ക്കാൻ സാദ്ധ്യതയുണ്ടെന്ന കാര്യം പരിഗണിച്ച് അപ്രോച്ച് റോഡിന്റെ ജോലി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വർക്കലയിൽ അപകട ഭീഷണി നേരിടുന്ന നടയറ പാലത്തിന്റെ പുനർനിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും പണി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പണി ടെണ്ടർ വിളിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയായാലുടൻ പണി ആരംഭിക്കുകയും 6 മാസത്തിനകം പൂർത്തിയാക്കാനും കഴിയുമെന്ന് കരുതുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പുനർനിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി വിവിധ തലങ്ങളിൽ പരിശോധിച്ചു വരുന്നു.

മദ്രസകൾക്കുള്ള ധനസഹായം

74 (1324) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ൽ കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച മദ്രസ നവീകരണ പദ്ധതിപ്രകാരം മദ്രസകൾക്ക് ധനസഹായം നൽകുന്നതിന് എന്തു തുകയാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചത് ;

(ബി) ഈ തുക 1996-1997, 1997-1998, 1998-1999 എന്നീ വർഷങ്ങളിൽ കൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly